17064
5/12/15

കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

നം. 14816/ഉപ.സി3/2015/ഉഭപവ    തിരുവനന്തപുരം, തീയതി : 01.12.2015

## പരിപത്രം

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- നിയമനാധികാരികൾ ഒഴിവുകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷന് e-vacancy software സംവിധാനത്തിലൂടെ അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1) 24.07.2014-ലെ 15342/ഉപ.സി3/2014/ഉഭപവ നമ്പർ പരിപത്രം.
2) 05.12.2014-ലെ 24741/ഉപ.സി3/2014/ഉഭപവ നമ്പർ പരിപത്രം.
3) 30.03.2015-ലെ 4406/ഉപ.സി3/2015/ഉഭപവ നമ്പർ പരിപത്രം.
4) 28.07.2015, 06.10.2015 എന്നീ തീയതികളിലെ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ ആർ & എ IV (2) 7722/14/GW/D1 നമ്പർ കത്തുകൾ

സൂചന (1) ലെ പരിപത്രം പ്രകാരം 2014 ആഗസ്റ്റ് 1 മുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന അർത്ഥനാപത്രം (Pro forma) ഇ-മെയിൽ വഴി മാത്രം പി.എസ്.സി.ക്ക് അയയ്ക്കേണ്ടതാണെന്നും, ഇപ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ പ്രൊഫോർമയിൽ നിയമനാധികാരിയുടെ ഡിജിറ്റൽ ഒപ്പ് ഉൾപ്പെടുത്തണമെന്നും അതോടൊപ്പം ഒറിജിനൽ പ്രൊഫോർമയുടെ സ്കാൻ ചെയ്ത പകർപ്പ് ഇ-മെയിൽ ആയി പി.എസ്.സിയ്ക്ക് അയയ്ക്കേണ്ടതാണെന്നും എല്ലാ നിയമനാധികാരികളെയും സർക്കാർ അറിയിച്ചിരുന്നു. എല്ലാ നിയമനാധികാരികൾക്കും ഡിജിറ്റൽ ഒപ്പ് ലഭ്യമാകാത്ത സാഹചര്യത്തിൽ തപാൽ മുഖേന റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ സ്വീകരിക്കുന്ന കാലാവധി പി.എസ്.സി. 31.01.2015വരെ ദീർഘിപ്പിച്ചിട്ടുണ്ടെന്ന് സൂചന (2) ലെ പരിപത്രം പ്രകാരവും തുടർന്ന് 30.04.2015 വരെ ദീർഘിപ്പിച്ചിട്ടുണ്ടെന്ന് സൂചന (3) ലെ പരിപത്രം പ്രകാരവും അറിയിച്ചിരുന്നു. എന്നാൽ തെരഞ്ഞെടുപ്പ് നടപടികൾ വേഗത്തിലാക്കാൻ എല്ലാ ഒഴിവുകളും e-vacancy software മുഖേന സ്വീകരിക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചതായും അതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും കേരള പി.എസ്.സി സൂചന (4) ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

2) കേരള പി.എസ്.സി യുടെ നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചു. ആയത് അംഗീകരിക്കേണ്ടതാണെന്ന് സർക്കാർ കാണുന്നു. ഈ സാഹചര്യത്തിൽ പി.എസ്.സി യുടെ e-vacancy software മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

a) e-vacancy software മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ഓരോ നിയമനാധികാരിയും ഒരു യൂസർ നെയിമും പാസ്‌വേർഡും നിർമ്മിക്കണം.

b) സോഫ്റ്റ് വെയർ മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് ഓരോ വകുപ്പിലും/സ്ഥാപനത്തിലും നിലവിലുള്ള ഒരു ഉദ്യോഗസ്ഥനെ Administrator-Vacancy Master User (VMU) ആയി നിയോഗിക്കണം. വേക്കൻസി മാസ്റ്റർ യൂസറിന്റെ ചുമതലകൾ ചുവടെ ചേർക്കുന്നു.

(i) ഓരോ വകുപ്പിലേയും നിയമനാധികാരികൾക്കും ഡേറ്റ എന്റർ ചെയ്യുന്നതിനുള്ള എൻട്രി ലെവൽ യൂസർക്കുമുള്ള യൂസർ നെയിമും പാസ്സ്‌വേർഡും ഉണ്ടാക്കി സോഫ്റ്റ് വെയർ സംബന്ധിച്ച അറിവ് നൽകുക.

(ii) സ്പെഷ്യൽ റൂൾസ് പ്രകാരം ഓരോ തസ്തികയുടെയും വിശദാംശങ്ങൾ നിഷ്കർഷിക്കുന്ന സർക്കാർ ഉത്തരവുകളുടെ നമ്പർ ഡേറ്റ എൻട്രി ചെയ്യുക കൂടാതെ ഉത്തരവുകളുടെ സ്കാൻ ചെയ്ത പകർപ്പ് സോഫ്റ്റ് വെയറിൽ അപ്‌ലോഡ് ചെയ്യുക.

(iii) ഒന്നിലധികം നിയമനാധികാരികളുള്ള വകുപ്പുകളിൽ ഹെഡ്ക്വാർട്ടർ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന നിയമനാധികാരിയെ തിരിച്ചറിഞ്ഞ് പ്രസ്തുത ഉദ്യോഗസ്ഥർക്ക് അതിനുള്ള അനുവാദം നൽകുക.

c) പ്രൊഫോർമയിൽ നിയമനാധികാരിയുടെ ഡിജിറ്റൽ ഒപ്പ് നിർബന്ധമായും ഉണ്ടായിരിക്കണം. ഇപ്രകാരം ഡിജിറ്റൽ ഒപ്പ് ആർജ്ജിക്കാത്ത നിയമനാധികാരികൾ അവ കരസ്ഥമാക്കാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. ഇതുവരെ ഡിജിറ്റൽ ഒപ്പ് ലഭിക്കാത്ത നിയമനാധികാരികൾ ഒഴിവുകൾ

റിപ്പോർട്ട് ചെയ്യുന്ന ദിവസം തന്നെ പ്രൊഫോർമയുടെ ഹാർഡ് കോപ്പി, നിയമനാധികാരിയുടെ ഒപ്പ് സഹിതം പി.എസ്.സിക്ക് അയക്കേണ്ടതാണ്. പ്രസ്തുത പ്രൊഫോർമ കമ്മീഷന് ലഭിക്കുന്ന മുറയ്ക്ക് ആ വിവരം പി.എസ്.സി. സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തി നിയമനാധികാരിയെ തത്സമയം അറിയിക്കുന്നതാണ്.

3) മേൽ നിർദ്ദേശങ്ങൾ എല്ലാ നിയമനാധികാരികളും കർശനമായി പാലിക്കേണ്ടതും പി.എസ്.സിയുടെ e-vacancy software സംവിധാനത്തിലൂടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**കെ. അജയ കുമാർ**
**സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,സെക്രട്ടറിമാർക്കും,
സ്പെഷ്യൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പു മേധാവികൾക്കും/നിയമനാധികാരികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
പൊതുമേഖലാ സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവുമാർക്കും.
അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ മേധാവികൾക്കും.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം).
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്തു സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം. (ആമുഖ കത്തു സഹിതം).
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം).
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.